(ഡി) ചെറുകിട പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 20 ലക്ഷം പേർക്ക് പുതിയതായി കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി വിവിധതലങ്ങളിൽ മീറ്റിംഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. കേസുകളിൽ തീർപ്പുകൽപ്പിക്കുന്നത് ത്വരിതപ്പെടുത്തുക, പൊതുമരാമത്തുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവയും ചെയ്തുവരുന്നു.

വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

86 (683) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ ഏതെല്ലാമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ ;

(സി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 190 ഗ്രാമീണ കുടിവെള്ള പദ്ധതികളും 54 നഗരകുടിവെള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഇവയിൽ ഇതുവരെ ആകെ 63 പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ജെ.ബി.ഐ.സി. പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-13 വർഷത്തോടെ ബാക്കിയുള്ള പദ്ധതികളെല്ലാം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസഹായത്തോടെയുള്ള 49 പദ്ധതികളും സംസ്ഥാന സർക്കാരിന്റെ 'സാർക്ക്' പദ്ധതിയിൽപ്പെടുത്തി 30 പദ്ധതികളും 'ജൻറം' വിഭാഗത്തിൽപ്പെടുത്തി 2 പദ്ധതികളും 'യുഡിസ്മാറ്റ്' പദ്ധതിയിൽപ്പടുത്തി 13 പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ കേരള ജല അതോറിറ്റി ഏറ്റെടുക്കുകയും എന്നാൽ തുടർ സാമ്പത്തിക സഹായം ലഭിക്കാതെ മുടങ്ങിപ്പോകുകയും ചെയ്ത എൽ. ഐ. സി, എ. ആർ. പി, പി, എം. ജി. വൈ വിഭാഗത്തിപ്പെട്ട പദ്ധതികൾ പുനരാവിഷ്കരിച്ചതും മറ്റു ചില പുതിയ പദ്ധതികളും ഉൾപ്പെടെ 36 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു.

(ഇ) ഇവയിൽ 13 പദ്ധതികൾ ഇതിനകം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജലനിധി പദ്ധതിയുടെ നടത്തിപ്പ്

87 (654) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജലനിധി' പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ; ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രണ്ടാം ഘട്ടത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; ഇതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങളുടെ ഗൈഡ് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ജലത്തിന്റെ ഗുണനിലവാരം പരിശോധനാ സംവിധാനം സംസ്ഥാനത്ത് കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും തീരുമാനവും എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിൽ കേന്ദ്രം വിളിച്ചുചേർത്ത സെക്രട്ടറിതലത്തിലെ യോഗത്തിൽ ചർച്ച ചെയ്ത പ്രധാന വസ്തുതകൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള പദ്ധതികൾ വിജയകരമായി ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളുടെ മാതൃക പിന്തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ മന്ത്രിതലത്തിൽ ചർച്ച ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലനിധി ലോകബാങ്കിന്റെ സഹായത്തോടെ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന ആവശ്യാധിഷ്ഠിത കുടിവെള്ള ശുചിത്വ

LIBRARY ARCHIVES Kerala Legislative Assembly